പ്രസിദ്ധീകരണത്തിന്

കേരളായൂണിവേഴ്സിറ്റിയുടെയും മഹാത്മാഗാന്ധിയൂണിവേഴ്സിറ്റിയുടെയും അധികാരപരിധിക്കുള്ളിൽവരുന്ന തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി ജില്ലകൾ കോവിഡ് വ്യാപനത്തിന്റെ കാര്യത്തിൽ ഇപ്പോൾ സി വിഭാഗത്തിലാണ്. രണ്ട് യൂണിവേഴ്സിറ്റികളുടെയും കീഴിൽ ഈ പ്രദേശങ്ങളിലുള്ള കോളേജുകളിൽ നടന്നുവരുന്ന ബിരുദ-ബിരുദാനന്തര എഴുത്തുപരീക്ഷയും പ്രാക്ടിക്കൽ പരീക്ഷയും അനിയന്ത്രിതമായ കോവിഡ് വ്യാപനത്തിന് കാരണമായിത്തീർന്നിരിക്കുകയാണ്.

ഈ പ്രദേശത്തുള്ള എല്ലാ കോളേജുകളിലും ക്ലസ്റ്റർ രൂപപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പല ഡിപ്പാർട്ടുമെന്റുകളും അടഞ്ഞുകിടക്കുകയാണ്. ഓൺലൈൻ ക്ലാസ്സുകൾ പരീക്ഷയോടൊപ്പം നടക്കുകയുമാണ്. കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് പരീക്ഷ നടത്തുവാൻ ഇരട്ടി ക്ലാസ്മുറികൾ ആവശ്യമാണ്. പരീക്ഷാനടത്തിപ്പിനുവേണ്ടിയുള്ള ജീവനക്കാരെ അദ്ധ്യാപക-അനദ്ധ്യാപകവിഭാഗത്തിൽനിന്നും ഇപ്പോൾ ലഭ്യമാകുന്നില്ല. ഓൺലൈൻ ക്ലാസ്സുകൾക്ക് ഭംഗം വരുത്താതെ, ചികിത്സയിലുള്ള അദ്ധ്യാപക-അനദ്ധ്യാപകരെ ഒഴിവാക്കി നിശ്ചിത എണ്ണം ജീവനക്കാരെ പരീക്ഷാജോലിക്ക് നിയോഗിക്കാൻ കോളേജുകൾക്ക് കഴിയുന്നില്ല. പരീക്ഷാസമ്മർദ്ദം കാരണം വിദ്യാർത്ഥികൾ കോവിഡ് മറച്ചുവെച്ച് പരീക്ഷയിൽ പങ്കെടുക്കുന്നത് രോഗവ്യാപനത്തിന് വഴിതെളിക്കുകയാണ്. പരീക്ഷാനടത്തിപ്പിന് നിയോഗിക്കപ്പെടുന്ന ജീവനക്കാരും അങ്ങനെ രോഗബാധിതരാവുന്നു. പല വിദ്യാർത്ഥികളും പരീക്ഷയ്ക്കിടയിൽ അവശതമൂലം ബോധരഹിതരാവുന്നതിനാൽ അവരെ ആശുപത്രിയിൽ കൊണ്ടുപോകുന്നവരും അങ്ങനെ രോഗബാധിരാവുന്നു.

ഈ അടിയന്തിരസാഹചര്യം കണക്കിലെടുത്ത്, കോളേജിലെ അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും സമൂഹത്തിന്റെയും ആരോഗ്യപരിരക്ഷ മുൻനിർത്തി, രോഗവ്യാപനം കുറയുന്നതുവരെ പരീക്ഷകൾ നിർത്തിവയ്ക്കാൻ തയ്യാറാവണം എന്നാവശ്യപ്പെട്ട് ഉന്നതവിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറിക്ക് നിവേദനം സമർപ്പിച്ചിരിക്കുകയാണ്.

പെരുന്ന
27.1.2022

ജി. സുകുമാരൻനായർ
ജനറൽ സെക്രട്ടറി
നായർ സർവീസ് സൊസൈറ്റി